## വീരാൻ സാഹിബ്



**പാലക്കാട്** എടത്തറ ഹൽഖയിലെ ആദ്യകാല ഇസ്‌ലാമിക പ്രവർത്തകനായിരുന്ന വീരാൻ സാഹിബ് പ്രദേശത്തെ സാമൂഹിക സേവനരംഗങ്ങളിൽ സജീവ സാന്നിധ്യമായിരുന്നു. ജീവിതത്തിലുടനീളം ഇസ്‌ലാമിക മൂല്യങ്ങൾ നിലനിർത്തുന്നതിൽ വളരെയധികം കണിശത പുലർത്തിയിരുന്നു. സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിലും കുടുംബത്തെ പ്രസ്ഥാന മാർഗത്തിൽ ഉറപ്പിച്ചു നിർത്താൻ പ്രത്യേകം ശ്രദ്ധിച്ചു. പൊതുസമൂഹവുമായി വളരെ അടുത്ത ബന്ധം കാത്തുസൂക്ഷിച്ച അദ്ദേഹത്തിന് വിശാലമായ ദഅ്‌വാ ബന്ധവുമുണ്ടായിരുന്നു. സന്ദർഭം കിട്ടുമ്പോഴെല്ലാം ഇസ്‌ലാമിനെ ഭംഗിയായി അവതരിപ്പിക്കുകയും ചെയ്യുമായിരുന്നു. എടത്തറ പ്രദേശത്ത് സജീവമായി പ്രവർത്തിക്കുന്ന ഐഡിയൽ വെൽഫെയർ ട്രസ്റ്റിന്റെ സ്ഥാപകരിൽ ഒരാളായിരുന്നു വീരാൻ സാഹിബ്.

**സുലൈമാൻ പാലക്കാട്**

---

## ടി.കെ കുഞ്ഞുമൊയ്തീൻ



**മേത്തല** കൊടുങ്ങല്ലൂർ സ്വദേശിയായ ഞങ്ങളുടെ പിതാവ് ടി.കെ കുഞ്ഞുമൊയ്തീൻ(89) ഭൗതിക ജീവിതത്തോട് വിടവാങ്ങി. സ്പെഷൽ ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർ ആയി വിരമിച്ചതിനു ശേഷം വാടാനപ്പള്ളി ഓർഫനേജിൽ കുറച്ചുകാലം സേവനമനുഷ്ഠിച്ചിരുന്നു. ഔദ്യോഗിക ജീവിതത്തിലും വ്യക്തിജീവിതത്തിലും സംശുദ്ധി കാത്തുസൂക്ഷിക്കുന്നതിൽ അദ്ദേഹം വളരെ സൂക്ഷ്മത പുലർത്തി. മാടവന ബദ്‌രിയാ ജുമാ മസ്ജിദ് പള്ളി പ്രസിഡന്റായി സേവനമനുഷ്ഠിച്ചിരുന്നു. എല്ലാവരും അഭിപ്രായ ഐക്യത്തോടെ പോകണമെന്ന് ആഗ്രഹിക്കുകയും അതിനായി പ്രവർത്തിക്കുകയും ചെയ്തു. നല്ലൊരു മധ്യസ്ഥൻ കൂടിയായിരുന്നു.

ഖുർആൻ പഠനവും പാരായണവും അദ്ദേഹത്തിന്റെ ദൈനംദിന ജീവിതചര്യയായിരുന്നു. മൂന്നുമാസം മുമ്പ് നടത്തിയ കണ്ണ് ഓപറേഷൻ വിജയകരമായപ്പോൾ വായനയിൽ കൂടുതൽ മുഴുകാം എന്ന സന്തോഷം അദ്ദേഹത്തിനുണ്ടായിരുന്നു. *പ്രബോധനം* വാരികയുടെ ആരംഭം മുതൽ തന്നെ സ്ഥിരം വായനക്കാരനായിരുന്ന അദ്ദേഹം എല്ലാവരെയും വായനക്ക് പ്രോത്സാഹിപ്പിക്കുകയും നന്മയുടെ പാത സ്വീകരിക്കാൻ ഉപദേശിക്കുകയും ചെയ്യുമായിരുന്നു. ഭാര്യയും പത്ത് മക്കളും പത്തൊൻപത് പേരമക്കളും അടങ്ങുന്നതാണ് കുടുംബം. മക്കരപറമ്പ് വെങ്കിട്ട മുഹമ്മദ് അധികാരിയുടെ മകൾ വി.സി ആമിനയാണ് ഭാര്യ.

**ടി.കെ ബിന്ദുശർമിള, പുത്തൻചിറ**

---

## പെരുമ്പിലാവ് മുഹമ്മദ് മാസ്റ്റർ



**നാട്ടുകാർക്കിടയിൽ** പല നിലയിൽ അറിയപ്പെട്ടിരുന്ന പെരുമ്പിലാവിലെ മുഹമ്മദ് മാസ്റ്റർ ഓർമയായി. വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങൾ, ആയുർവേദ-പ്രവാചക വൈദ്യശാസ്ത്ര സേവനങ്ങൾ, മധ്യസ്ഥ ഇടപെടലുകൾ തുടങ്ങി ഒട്ടേറെ മേഖലകളിൽ അദ്ദേഹം വ്യക്തിമുദ്ര പതിപ്പിച്ചു. കളരിയിലും മർമചികിത്സയിലും അദ്ദേഹത്തിന് പ്രാവീണ്യമുണ്ടായിരുന്നു. തൈലവും പലതരം പച്ചമരുന്നുകളുമുപയോഗിച്ചു ഉഴിച്ചിലും പിഴിച്ചലുമെല്ലാം ഉൾപ്പെടെ ചികിത്സ സൗജന്യമായാണ് അദ്ദേഹം നടത്തിയിരുന്നത്. കിണറുകളുടെ സ്ഥാനനിർണയത്തിൽ അഗ്രഗണ്യനായിരുന്ന മാസ്റ്റർ നൂറുകണക്കിന് കിണറുകൾക്ക് സ്ഥാനം നിർണയിച്ചു കൊടുത്തിട്ടുണ്ട്.

പൗരാണിക അറബി വൈദ്യശാസ്ത്ര ഗ്രന്ഥങ്ങളും ഖുർആൻ വ്യാഖ്യാനങ്ങളുമുൾപ്പെടെ പുരാതനവും നൂതനവുമായ മത ഗ്രന്ഥങ്ങളും ഇസ്‌ലാമിക ആനുകാലികങ്ങളും നിരന്തരം വായിക്കുകയും തന്റെ കാഴ്ചപ്പാടുകൾ പങ്കുവെക്കുകയും ചെയ്യുമായിരുന്നു.

പെരുമ്പിലാവ് അൻസാർ ചാരിറ്റബിൾ ട്രസ്റ്റ് മെമ്പർ, മലബാർ ഇസ്‌ലാമിക് യൂനിവേഴ്സിറ്റി പദ്ധതിയിട്ട ഹദ്ദാദ് ചാരിറ്റബ്ൾ ട്രസ്റ്റ് ട്രഷറർ, മുനവ്വരിയ്യ ഇംഗ്ലീഷ് സ്കൂൾ മാനേജർ തുടങ്ങിയ ചുമതലകൾ നിർവഹിച്ചിരുന്ന മാസ്റ്റർ ഒട്ടേറെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരുന്നു. 32 വർഷം എടത്തനാട്ടുകര, പട്ടാമ്പി, എടപ്പാൾ, കൂറ്റനാട്, കുമരനെല്ലൂർ എന്നിവിടങ്ങളിൽ ഹൈസ്കൂൾ അറബി അധ്യാപകനായി ജോലി നോക്കിയിട്ടുണ്ട്. കെ.എ സിദ്ദീഖ് ഹസൻ സാഹിബ്, അബുൽ ജലാൽ മൗലവി, വി. മൂസ മൗലവി, മാള അബ്ദുസ്സലാം മൗലവി, സി.എൻ അഹ്മദ് മൗലവി, അബുസ്സബാഹ് മൗലവി, സി.പി അബൂബക്കർ മൗലവി, അബുസ്സലാഹ് മൗലവി, മുഹമ്മദ് കുട്ടശ്ശേരി, പോക്കു മുസ്‌ലിയാർ, കക്കിടിപ്പുറം അബൂബക്കർ മുസ്‌ലിയാർ, സമസ്ത പ്രസിഡന്റായിരുന്ന അഹ്മദ് അസ്ഹരി, ഫലക്കി മുഹമ്മദ് മൗലവി എന്നിവരുൾപ്പെടെ എല്ലാ വിഭാഗങ്ങളിലും പെട്ട പണ്ഡിതന്മാരുമായും ചങ്ങാത്തം പുലർത്തിയിരുന്നു.

24 വർഷത്തോളം പെരുമ്പിലാവ് സെൻട്രൽ ജുമാ മസ്ജിദ് പ്രസിഡന്റായും സേവനമനുഷ്ഠിച്ചു. പള്ളിദർസിൽ പഠിച്ച് സർക്കാർ സർവീസിൽ ജോലി നേടിയ അദ്ദേഹം എം.ഇ.എസ് കോളേജ് പൊന്നാനി, പെരുമ്പിലാവ് അൻസാർ സ്ഥാപനങ്ങൾ തുടങ്ങി ഒട്ടേറെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അണിയറ പ്രവർത്തനങ്ങളിലും പങ്ക് വഹിച്ചിട്ടുണ്ട്.

ഭാര്യ: ഖദീജ. മക്കൾ: ജമീല, സുഹറ, അബ്ദുൽ നാസർ, അബ്ദുർറഹ്മാൻ, അബ്ദുൽ റഷീദ്, ബുശ്‌റ, റാഹിമ, അബ്ദുൽ ഹകീം, അബ്ദുൽ ഗഫൂർ.

**ഹക്കീം പെരുമ്പിലാവ്**

---

*അല്ലാഹുവേ, പരേതരെ മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കേണമേ - ആമീൻ*